# 1. കാഴ്ചയിലെ പാഠം

നമ്മുടേത് മാത്രമേ നമുക്ക് ഉപകരിക്കുകയുള്ളൂ.
നമുക്കുണ്ടെങ്കിൽ മാത്രമേ അത് നമ്മുടെതാവുകയുള്ളൂ.
പ്രയത്നിച്ചെങ്കിൽ മാത്രമേ നമുക്കുണ്ടാവുകയുള്ളൂ.



ഒരിടത്ത് ഒരു വ്യാപാരിയുണ്ടായിരുന്നു. അയാൾക്ക് മടിയനായ ഒരു മകനും ഉണ്ടായിരുന്നു. അവന് ജോലിയിലൊന്നും താല്പര്യമുണ്ടായിരുന്നില്ല. എപ്പോഴും തിന്നണം, ഉറങ്ങണം. അതായിരുന്നു അവന്റെ ശീലം.

മകന്റെ സ്ഥിതിയോർത്ത് വ്യാപാരി വളരെ വേദനിച്ചു. തന്റെ കാലശേഷം അവന്റെ ഗതിയെന്താകുമെന്നായിരുന്നു അയാളുടെ ചിന്ത മുഴുവൻ.

ഒരുദിവസം വ്യാപാരി മകനെ തന്റെ അടുത്തേക്ക് വിളിച്ചു അവന്റെ കൈയിൽ കുറേ പണം വെച്ചുകൊടുത്തിട്ട് പറഞ്ഞു:

“മോനേ, നീ പോയി നാടൊക്കെ ഒന്ന് കണ്ടിട്ട് വാ. ഇതാ, ആവശ്യത്തിനുള്ള പണം. വഴിയിൽ അപൂർവമായി വല്ലതും കണ്ടാൽ അഛന് പറഞ്ഞുതരാൻ മറക്കരുത്.”

അഛന്റെ വാക്കുകൾ കേട്ട് അവൻ യാത്രയായി.

കാട്ടിലൂടെയായിരുന്നു യാത്ര. നടന്നു തളർന്ന് അവന് വല്ലാതെ വിശന്നു. അവൻ തളർന്ന് ഒരിടത്തിരുന്നു.

ഭക്ഷണത്തെപ്പറ്റിയായിരുന്നു അപ്പോൾ അവന്റെ ചിന്ത മുഴുവൻ. അങ്ങനെ ഇരിക്കുന്നതിനിടയിൽ ഒരു കുറുക്കൻ നടന്നുപോകുന്നത് അവൻ കണ്ടു. കുറുക്കന് നല്ല വിഷപ്പും ദാഹവുമുണ്ടായിരുന്നു. അത് കുറച്ചു ദൂരം നടന്ന് ഒരു മരച്ചുവട്ടിൽ കിടന്നു.

അല്പം കഴിഞ്ഞപ്പോൾ ഒരു സിംഹം ഇരയുമായി അതുവഴി വരുന്നത് അവന്റെ ശ്രദ്ധയിൽപെട്ടു. അവൻ ഭയപ്പെട്ട് ഒരു മരത്തിൽ അള്ളിപ്പിടിച്ചു കയറിയിരിപ്പായി. സിംഹം ചുറ്റും ഒന്ന് നോക്കിയ ശേഷം ഇരയെ ഒരിടത്ത് വെച്ചു തിന്നാൻ തുടങ്ങി. കുറുക്കൻ ആർത്തിയോടെ അതുതന്നെ നോക്കിക്കിടന്നു. ഇടയ്ക്കിടെ അത് നാവ് നുണക്കുന്നുമുണ്ടായിരുന്നു.



ഇരയിൽനിന്ന് കുറേ ഭാഗം തിന്ന ശേഷം ബാക്കി അവിടെ ഉപേക്ഷിച്ച് സിംഹം സ്ഥലംവിട്ടു. ഉടനെ കുറുക്കൻ ഓടിച്ചെന്ന് അതുമുഴുവൻ അകത്താക്കി.

ഈ കാഴ്ച കണ്ട് അവൻ കരുതി: ഇങ്ങനെയാണ് കാട്ടിലെ മൃഗങ്ങൾ ജീവിക്കുന്നതെങ്കിൽ പിന്നെ എനിക്കും അങ്ങനെ തന്നെ ജീവിച്ചാൽ പോരേ? കഷ്ടപ്പെടേണ്ട ആവശ്യമെന്ത്? അവൻ ഉടനെ മരത്തിൽനിന്നിറങ്ങി വീട്ടിലേക്ക് തിരിച്ചു.



താൻ കാട്ടിൽ വെച്ചു കണ്ട കാഴ്ച അവൻ അഛന് വിവരിച്ചുകൊടുത്തു. എന്നിട്ട് അവൻ അഛനോട് പറഞ്ഞു: “എനിക്കും അങ്ങനെ ജീവിച്ചാൽ മതി അഛാ.”

വ്യാപാരി മകനോട് പറഞ്ഞു: “മോനെ, ആ സംഭവത്തിൽ നിന്ന് നീ പഠിച്ച പാഠം തെറ്റാണ്. നീ ആ സിംഹമാകണം, കുറുക്കനല്ല. നീ മിച്ചമാക്കിയതാകണം മറ്റുള്ളവർ തിന്നുന്നത്. മറ്റുള്ളവരുടെ മിച്ചമല്ല നീ തിന്നേണ്ടത്. മനസ്സിലായോ?” അതെയെ

ന്നവൻ തലയാട്ടി. അഛൻ്റെ നിർദ്ദേശപ്രകാരം അവൻ വീണ്ടും യാത്രയായി.

*തൻ്റെ ആവശ്യങ്ങൾക്ക് മറ്റുള്ളവരെ ആശ്രയിക്കുകയല്ല വേണ്ടത്. സ്വന്തം പരിശ്രമത്തിലൂടെ അധ്വാനിച്ചു ജീവിക്കുകയും മറ്റുള്ളവരെ സഹായിക്കുകയുമാണ് ഐശ്വര്യം.*